"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം- തസ്തിക നിർണ്ണയം 2024-2025- സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ അധിക തസ്തികകൾ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പൊതുവിദ്യാഭ്യാസ (ജെ.ആർ) വകുപ്പ്**

സ.ഉ.(കൈ) നം.95/2025/GEDN തീയതി,തിരുവനന്തപുരം, 29-05-2025

---

പരാമർശം:- 1. 18.04.2022 തീയതിയിലെ സ.ഉ(പി) 5/2022/പൊ.വി.വ സർക്കാർ ഉത്തരവ്.(S.R.O No.375/2022)

2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 05.03.2025,17.03.2025 തീയതികളിലെ ഡി.ജി.ഇ/7208/2024/എച്ച്2 (Part-1) നമ്പർ കത്തുകൾ.

**ഉത്തരവ്**

കെ.ഇ.ആർ അധ്യായം XXIII ചട്ടം 12 ഉൾപ്പെടെ വിവിധ ചട്ടങ്ങൾക്ക് പരാമർശം (1) പ്രകാരം ഭേദഗതി വരുത്തിയിരുന്നു. പ്രസ്തുത ചട്ട ഭേദഗതിക്കനുസൃതമായി 2024-2025-ലെ അധിക തസ്തികകളുടെ തസ്തിക നിർണ്ണയ നടപടികൾ പൂർത്തിയാക്കി സർക്കാർ മേഖലയിലെ 552 സ്കൂളുകളിൽ നിന്നായി 915 അധിക തസ്തികകളും എയ്ഡഡ് മേഖലയിലെ 658 സ്കൂളുകളിൽ നിന്നായി 1304 അധിക തസ്തികകളും (ആകെ 1210 സ്കൂളുകളിൽ നിന്നും 2219 അധ്യാപക അനധ്യാപക അധിക തസ്തികകൾ) 01.10.2024 തീയതി പ്രാബല്യത്തിൽ, അനുവദിക്കാനുള്ള ശുപാർശ പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം (2) പ്രകാരം സമർപ്പിച്ചു.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 2024-2025-ലെ അധിക തസ്തിക നിർണ്ണയവുമായി ബന്ധപ്പെട്ട് പരാമർശം (2) പ്രകാരം, സംസ്ഥാനത്തെ സർക്കാർ,എയ്ഡഡ് സ്കൂളുകളിൽ അധിക തസ്തികകൾ അനുവദിക്കുന്നതിന് പൊതു വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച ശിപാർശയിൽ മലപ്പുറം ജില്ലയിലൊഴികെയുള്ളവ അംഗീകരിച്ചു കൊണ്ട് ഉത്തരവാകുന്നു.

3) നിലമ്പൂർ നിയമസഭാമണ്ഡലത്തിലെ ഉപതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പെരുമാറ്റ ചട്ടം നിലവിൽ വന്നതിനാൽ മലപ്പുറം ജില്ലയിലെ സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ അധിക

തസ്തികകൾ അനുവദിക്കുന്നതും നിയമനങ്ങൾ നടത്തുന്നതും ഇലക്ഷൻ കമ്മീഷന്റെ അനുമതിയ്ക്ക് വിധേയമായി മാത്രമായിരിക്കുമെന്നതിനാൽ ഇത് സംബന്ധിച്ച് പ്രത്യേകം ഉത്തരവ് പിന്നീട് പുറപ്പെടുവിക്കുന്നതാണ്.

4) താഴെ പറയുന്ന വ്യവസ്ഥകൾക്കു വിധേയമായാണ് അധിക തസ്തികകൾ അനുവദിക്കേണ്ടത്:

a ) സർക്കാർ സ്കൂളുകളിൽ അധിക തസ്തികകളിൽ തസ്തികനഷ്ടം സംഭവിച്ച ജീവനക്കാരെ ക്രമീകരിച്ചതിനു ശേഷം മാത്രമേ പുതിയ നിയമനം നടത്താൻ പാടുള്ളൂ.

b ) എയ്ഡഡ് സ്കൂളുകളിലെ അധികതസ്തികകളിൽ കെ.ഇ.ആർ അധ്യായം XXI ചട്ടം 7(2) അനുസരിച്ച് മാത്രമേ നിയമനം നടത്താൻ പാടുള്ളൂ

c ) തസ്തികനഷ്ടം സംഭവിച്ച സ്കൂളുകളിൽ ടി തസ്തികയിൽ ആരും തുടരുകയോ ശമ്പളം കൈപ്പറ്റുകയോ ചെയ്യുന്നില്ലെന്ന് വിദ്യാഭ്യാസ ഓഫീസർ/ട്രഷറി /സ്പാർക്ക് ഉദ്യോഗസ്ഥർ ഉറപ്പു വരുത്തേണ്ടതാണ്.

5. മലപ്പുറം ജില്ലയിൽ ഒഴികെ, അധികതസ്തികകൾ അനുവദിക്കുന്ന സ്കൂളുകളിലെ തസ്തികനിർണ്ണയ ഉത്തരവുകൾ ഈ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അതത് വിദ്യാഭ്യാസ ഓഫീസർമാർ ചട്ട പ്രകാരം പുതുക്കി നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റാണി ജോർജ്ജ്
പ്രിൻസിപ്പൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം,
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം
ഡയറക്ടർ, ട്രഷറി വകുപ്പ്.
മാനേജർ ,സ്പാർക്.
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും, ജില്ലാ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.( പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
പൊതുഭരണ (എസ്.സി.) വകുപ്പ് (28.5.2025 തീയതിയിലെ ഇനം. നം.2990 പ്രകാരം)
ധനകാര്യ വകുപ്പ് (13.5.2025-E.3094390 /EDN-A3/121/2025-FIN)
ഡയറക്ടർ, വിവര പൊതുജനസമ്പർക്ക വകുപ്പ് തിരുവനന്തപുരം.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
പൊതുവിദ്യാഭ്യാസ വകപ്പിലെ എല്ലാ ഓഫിസർമാർക്കും, സെക്ഷനുകൾക്കും.
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
N K Sheena
സെക്ഷൻ ഓഫീസർ
Date: 29-05-2025 12:46:57

പകർപ്പ് - ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.

ബഹു. പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.

പൊതുവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.

പൊതുവിദ്യാഭ്യാസ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ

രഹസ്യം

കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

തീയതി : 28-05-2025

ഫയൽ നം. ജെ.ആർ.1/210/2024/പൊ.വി.വ. ഇനം നം: 2990

വിഷയം : പൊതുവിദ്യാഭ്യാസ വകുപ്പ് - സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ 2024-25 അദ്ധ്യയന വർഷത്തെ തസ്തിക നിർണ്ണയം - സംസ്ഥാനത്തെ അധിക തസ്തികകൾ അനുവദിക്കുന്നത്.

തീരുമാനം : മലപ്പുറം ജില്ലയിലെ നിയമനങ്ങൾ ഇലക്ഷൻ കമ്മീഷന്റെ അനുമതിയ്ക്ക് വിധേയമായിട്ടായിരിക്കണം നടപ്പിലാക്കേണ്ടതെന്ന ഭേദഗതിയോടെ കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്.

2990

കേരള സർക്കാർ
(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | ജെ.ആർ 1/210/2024/പൊവിവ |
| 2 | വകുപ്പ് | : | പൊതുവിദ്യാഭ്യാസ (ജെ.ആർ) വകുപ്പ് |
| 3 | വിഷയം | : | സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ 2024-25 അധ്യയന വർഷത്തെ തസ്തിക നിർണ്ണയം - സംസ്ഥാനത്തെ അധിക തസ്തികകൾ അനുവദിക്കുന്നത് സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 21-05-2025 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | അതെ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി മീനാംബിക. എം.ഐ |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി.റാണി ജോർജ്ജ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 23.05.2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. എ. ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 27.05.2025 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. വി. ശിവൻകുട്ടി |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 27.05.2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 27.05.2025 |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ 2024-2025 അധ്യയന വർഷത്തിൽ നടത്തിയ തസ്തികനിർണ്ണയ പ്രകാരം, പൊതു വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച ശിപാർശ അനുസരിച്ച്, സർക്കാർ മേഖലയിലെ 552 സ്കൂളുകളിലായി 915 അധിക തസ്തികകളും, 658 എയ്ഡഡ് സ്കൂളുകളിലായി 1304 അധിക തസ്തികകളും (ആകെ 1210 സ്കൂളുകളിൽ നിന്നും 2219 അധ്യാപക അനധ്യാപക അധികതസ്തികകൾ) 1.10.2024 തീയതി പ്രാബല്യത്തിൽ,ധനകാര്യ വകുപ്പ് ശുപാർശചെയ്തിട്ടുള്ള വ്യവസ്ഥകളിൽ ഉചിതമായ മാറ്റം വരുത്തിക്കൊണ്ട്, അനുവദിക്കുന്ന വിഷയമാണ് ഈ കുറിപ്പിൽ പ്രതിപാദിക്കുന്നത് .

2. പൊതു വിദ്യാലയങ്ങളിലെ അധ്യാപക,അനധ്യാപക തസ്തികകൾ ഒരു അധ്യയന വർഷത്തേക്കാണ് അനുവദിക്കുന്നത് . അതുകൊണ്ടു തന്നെ കെ.ഇ.ആർ അധ്യായം XXIII ചട്ടം 12 പ്രകാരം സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളിൽ, ഓരോ അധ്യയന വർഷത്തെയും ആറാം പ്രവൃത്തി ദിനത്തിൽ യു ഐ ഡി ഉള്ള കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ തസ്തിക നിർണ്ണയം നടത്തുവാനും തസ്തികകൾ അനുവദിക്കുവാനും ചട്ട പ്രകാരം സർക്കാർ ബാധ്യസ്ഥമാണ്. വിദ്യാഭ്യാസ അവകാശ നിയമപ്രകാരം വിദ്യാഭ്യാസം കുട്ടികളുടെ മൗലികാവകാശമായതിനാൽ, അദ്ധ്യയനത്തിനായി അധ്യാപകരെ നിയമിക്കേണ്ടത് സർക്കാരിന്റെ ഭരണഘടനാപരമായ ബാധ്യതയാണ്. തസ്തിക നിർണ്ണയം നടത്താൻ സാധിക്കാത്ത സാഹചര്യം ഉണ്ടായാൽ മുൻ വർഷത്തെ തസ്തിക നിർണ്ണയം തന്നെ തുടർ വർഷങ്ങളിൽ ബാധകമാക്കുവാനും ചട്ടത്തിൽ വ്യവസ്ഥയുണ്ട്. കഴിഞ്ഞ അധ്യയന വർഷങ്ങളിലെല്ലാം തന്നെ മുകളിൽ പറഞ്ഞിട്ടുള്ള സാഹചര്യങ്ങളിൽ ഏതെങ്കിലും ഒന്ന് നടപ്പിലാക്കി വരുന്നുണ്ട്.കേരള വിദ്യാഭ്യാസ ചട്ടങ്ങൾ അധ്യായം XXIII ചട്ടം 12 പ്രകാരം സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളിൽ, ഓരോ അധ്യയന വർഷത്തെയും ആറാം പ്രവർത്തി ദിവസത്തിലെ കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് തസ്തിക നിർണ്ണയം നടത്തുന്നത്. കെ.ഇ.ആർ അധ്യായം XXIII ചട്ടം 12(6) പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർ ശിപാർശ ചെയ്യുന്ന അധിക തസ്തികകൾക്ക് അനുമതി നൽകുന്നത് സർക്കാർ ആണ്.അധിക തസ്തികകളുടെ പ്രാബല്യ തീയതി അതത് അക്കാദമിക വർഷം ഒക്ടോബർ 1 മുതലാണ്.

3. സ.ഉ.(കൈ) 95/2023/പൊ.വി.വ തീയതി 07.07.2023 പ്രകാരം സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ 2022-2023 അധ്യയന വർഷത്തെ തസ്തികനിർണ്ണയ പ്രകാരം, 6043

അധികതസ്തികകൾ, സർക്കാർ എയ്ഡഡ് സ്കൂളുകളിലായി, 1.10.2022 തീയതി പ്രാബല്യത്തിൽ സൃഷ്ടിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് സ.ഉ.(കൈ) 106/2024/പൊ.വി.വ തീയതി 23.08.2024 പ്രകാരം സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ 2023-2024 അധ്യയന വർഷത്തെ തസ്തികനിർണ്ണയ പ്രകാരം, 2325 അധികതസ്തികകൾ 1.10.2023 തീയതി പ്രാബല്യത്തിൽ സൃഷ്ടിക്കുന്നതിന് അനുമതി നൽകി.

4. സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ 2024-2025 അധ്യയന വർഷത്തിൽ നടത്തിയ തസ്തികനിർണ്ണയ പ്രകാരം,552 സർക്കാർ സ്കൂളുകളിലായി 915 അധിക തസ്തികകളും, 658 എയ്ഡഡ് സ്കൂളുകളിലായി 1304 അധിക തസ്തികകളും (ആകെ 1210 സ്കൂളുകളിൽ നിന്നും 2219 അധ്യാപക,അനധ്യാപക അധികതസ്തികകൾ) സാമ്പത്തിക ബാധ്യത വരാത്ത രീതിയിൽ അനുവദിക്കുവാൻ പൊതു വിദ്യാഭ്യാസ ഡയറക്ടർ ശിപാർശ സമർപ്പിച്ചു. 2024-2025 അധ്യയന വർഷത്തെ തസ്തിക നിർണ്ണയത്തിൽ 3229 തസ്തികകൾ നഷ്ടപ്പെടുന്നതുകൊണ്ടാണ് 2219 തസ്തികകൾ സൃഷ്ടിക്കുമ്പോൾ കൂടി അധിക സാമ്പത്തിക ബാധ്യത ഉണ്ടാകാത്തത്. 3229 തസ്തികകളുടെ എണ്ണം കുറയുന്നത് കാരണം 3,51,32,900/- രൂപ ശമ്പള ഇനത്തിലെ ചിലവിൽ കുറവുണ്ടാകുന്നു.

5. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ അധിക തസ്തിക അനുവദിക്കുന്ന വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു:

"2024-2025 അധ്യയന വർഷത്തിലെ തസ്തിക നിർണ്ണയത്തോടനുബന്ധിച്ച് 1210 *സ്കൂളുകളിൽ നിന്നായി* 2219 *അധിക തസ്തികകൾ അനുവദിക്കുന്നതിനുള്ള ശിപാർശ* 2024 *ഒക്ടോബർ പ്രാബല്യത്തിൽ താഴെ പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുന്നതായി ഭരണ വകുപ്പിനെ അറിയിക്കുന്നു.*

**1. സർക്കാർ സ്കൂളുകളുടെ കാര്യത്തിൽ ഓരോ കാറ്റഗറിയിലും ജില്ലാടിസ്ഥാനത്തിലും വിഷയത്തിന്റെ അടിസ്ഥാനത്തിലും പുതുതായി വേണ്ട തസ്തികകളും കുറവ് ചെയ്യേണ്ട തസ്തികകളും തമ്മിൽ താരതമ്യം ചെയ്ത്, പുതുതായി തസ്തികൾ വേണമെങ്കിൽ ആ തസ്തികൾ മാത്രം സൃഷ്ടിച്ചാൽ മതിയാകും.**

2. എയ്ഡഡ് സ്കൂളുകളുടെ കാര്യത്തിൽ കോർപ്പറേറ്റ് മാനേജ്മെന്റ്/ഒന്നിലധികം സ്കൂളുകൾ ഒരേ മാനേജ്മെന്റിനു കീഴിലുള്ള സ്കൂളുകളിൽ ഓരോ കാറ്റഗറിയിലും വിഷയത്തിന്റെ അടിസ്ഥാനത്തിൽ പുതുതായി വേണ്ട തസ്തികകളും കുറവ് ചെയ്യേണ്ട തസ്തികകളും തമ്മിൽ താരതമ്യം ചെയ്ത് പുതുതായി തസ്തികകൾ വേണമെങ്കിൽ ആ തസ്തികകൾ മാത്രം സൃഷ്ടിച്ചാൽ മതിയാകും.

3. തസ്തികനഷ്ടം വന്ന് കുറവു ചെയ്യുന്ന തസ്തികകളിൽ പ്രൊട്ടക്ഷൻ ഇല്ലാത്തതിനാൽ ഇത്രയും തസ്തികൾക്ക് ശമ്പളം ലഭിക്കുന്നില്ല എന്ന് ഡി പി ഐ/ട്രഷറി /സ്പാർക്ക് ഉദ്യോഗസ്ഥർ ഉറപ്പു വരുത്തേണ്ടതാണ്."

ഈ തീരുമാനത്തിന് ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്.

ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിക്ക് വേണ്ടി

6. സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ തസ്തികനിർണ്ണയം നടത്തി 15/7/2024 പ്രാബല്യത്തിൽ തന്നെ കുട്ടികളുടെ എണ്ണം കുറഞ്ഞതിനാൽ നഷ്ടപ്പെടുന്ന തസ്തികകൾ കുറവ് ചെയ്താണ് തസ്തികനിർണ്ണയ ഉത്തരവുകൾ നൽകുന്നത്. സ്കൂളടിസ്ഥാനത്തിലാണ് തസ്തികനിർണ്ണയം നടത്തുന്നത് എന്നതിനാൽ കുട്ടികളുടെ എണ്ണം കുറയുന്ന സ്കൂളുകളിൽ തസ്തിക കുറവ് ചെയ്യുകയും കുട്ടികളുടെ എണ്ണം കൂടുതലുള്ള സ്കൂളുകളിൽ അധികതസ്തിക സൃഷ്ടിക്കുകയുമാണ് ചെയ്യുന്നത്. തസ്തിക സൃഷ്ടിച്ചതിനു ശേഷം തസ്തികനഷ്ടം സംഭവിച്ച ജീവനക്കാരെ ക്രമീകരിച്ചതിനു ശേഷമാണ് സർക്കാർ സ്കൂളുകളിൽ പുതിയ നിയമനം നടത്തുന്നത്.അതു പോലെ കോർപ്പറേറ്റ് മാനേജ്മെന്റുകളിലും തസ്തികനഷ്ടം സംഭവിച്ച ജീവനക്കാരെ ക്രമീകരിച്ചതിനു ശേഷമേ പുതിയ നിയമനം നടത്തുകയുള്ളൂ. ആയതിനാൽ,ധനകാര്യ വകുപ്പ് നിർദേശിച്ചതു പോലെ സർക്കാർ സ്കൂളുകളുടെ കാര്യത്തിൽ ഓരോ കാറ്റഗറിയിലും ജില്ലാടിസ്ഥാനത്തിലും വിഷയത്തിന്റെ അടിസ്ഥാനത്തിലും പുതുതായി വേണ്ട തസ്തികകളും കുറവ് ചെയ്യേണ്ട തസ്തികകളും തമ്മിൽ താരതമ്യം ചെയ്ത്, പുതുതായി തസ്തികകൾ വേണമെങ്കിൽ ആ തസ്തികകൾ മാത്രം സൃഷ്ടിച്ചാൽ മതിയാകും എന്ന വ്യവസ്ഥ ഉൾ പ്പെടുത്തേണ്ടതില്ല എന്ന് കാണുന്നു. നഷ്ടപ്പെട്ട തസ്തികകൾ ഇതിനോടകം കുറവ്

ചെയ്തിട്ടുള്ളതിനാൽ ഡയറക്ടർ ലഭ്യമാക്കിയ കണക്കനുസരിച്ചുള്ള അധിക തസ്തികകൾ മേൽ പ്പറഞ്ഞ വ്യവസ്ഥ ഉൾപ്പെടുത്താതെ തന്നെ സൃഷ്ടിക്കേണ്ടതാണ്. പകരം അധിക തസ്തികകളിൽ തസ്തികനഷ്ടം സംഭവിച്ച ജീവനക്കാരെ ക്രമീകരിച്ചതിനു ശേഷം മാത്രമേ പുതിയ നിയമനം നടത്താൻ പാടുള്ളൂ എന്നും എയ്ഡഡ് സ്കൂളുകളിലെ അധികതസ്തികകളിൽ കെ.ഇ.ആർ അധ്യായം XXI ചട്ടം 7(2) അനുസരിച്ച് മാത്രമേ നിയമനം നടത്താൻ പാടുള്ളൂ എന്നും വ്യവസ്ഥ ഉൾപ്പെടുത്താവുന്നതാണ്.

7. തസ്തികനഷ്ടം വന്ന് കുറവു ചെയ്യുന്ന തസ്തികകളിൽ ജോലി ചെയ്തിരുന്ന പ്രൊട്ടക്ഷന് അർ ഹതയുള്ള അധ്യാപകരെ ഇതിനോടകം പുനർവിന്യസിച്ചിട്ടുണ്ട്. അധികതസ്തികകൾ സൃഷ്ടിക്കുമ്പോൾ അതിൽ നിലനിർത്താൻ കഴിയുന്ന സംരക്ഷണത്തിന് അർഹതയുള്ള അധ്യാപകരെ നിലനിർത്തുകയും തസ്തികനഷ്ടം വന്ന സംരക്ഷണത്തിന് അർ ഹതയില്ലാത്തതും ക്രമീകരിക്കാൻ മാതൃസ്കൂളിൽ/മാനേജ്മെന്റിൽ മറ്റു തസ്തികകളൊന്നും ലഭ്യമാകാത്തവർ മാത്രം പുറത്തുപോകുകയുമാണ് ചെയ്യുന്നത്. തസ്തികനഷ്ടം വന്ന് കുറവു ചെയ്യുന്ന തസ്തികകളിൽ പ്രൊട്ടക്ഷൻ ഇല്ലാത്തതിനാൽ ഇത്രയും തസ്തികകൾക്ക് ശമ്പളം ലഭിക്കുന്നില്ല എന്ന് ഡി പി ഐ/ട്രഷറി /സ്പാർക്ക് ഉദ്യോഗസ്ഥർ ഉറപ്പു വരുത്തേണ്ടതാണ് എന്ന വ്യവസ്ഥയിൽ വ്യക്തതയില്ലാത്തതിനാൽ തസ്തികനഷ്ടം സംഭവിച്ച സ്കൂളുകളിൽ ടി തസ്തികയിൽ ആരും തുടരുകയോ ശമ്പളം കൈപ്പറ്റുകയോ ചെയ്യുന്നില്ലെന്ന് വിദ്യാഭ്യാസ ഓഫീസർ /ട്രഷറി /സ്പാർക്ക് ഉദ്യോഗസ്ഥർ ഉറപ്പു വരുത്തേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്യുന്നതാകും ഉചിതം.

8. മേൽ ശുപാർശ സഹിതം ഫയൽ ബഹു. മുഖ്യമന്ത്രിക്ക് സമർപ്പിച്ചപ്പോൾ മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്കു സമർപ്പിക്കുവാൻ ഉത്തരവായി.

## തീരുമാനിക്കേണ്ട വിഷയം

സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ 2024-2025 അധ്യയന വർഷത്തിൽ നടത്തിയ തസ്തികനിർണ്ണയ പ്രകാരം, പൊതു വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച ശിപാർശ അനുസരിച്ച്, സർക്കാർ മേഖലയിലെ 552 സ്കൂളുകളിലായി 915 അധിക തസ്തികകളും, 658 എയ്ഡഡ് സ്കൂളുകളിലായി 1304 അധിക തസ്തികകളും (ആകെ 1210 സർക്കാർ/എയ്ഡഡ് സ്ക്കൂളുകളിൽ നിന്നും 2219 അധ്യാപക അനധ്യാപക അധികതസ്തികകൾ) 1.10.2024 തീയതി പ്രാബല്യത്തിൽ, ധനകാര്യ വകുപ്പിന്റെ നിർദേശങ്ങൾ കൂടുതൽ വ്യക്തത വരുത്തുന്നതിനായി ഭാഗീകമായി പരിഷ്കരിച്ച്, ചുവടെ ചേർക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി അനുവദിക്കാമോ ?

a) സർക്കാർ സ്കൂളുകളിൽ അധിക തസ്തികകളിൽ തസ്തികനഷ്ടം സംഭവിച്ച ജീവനക്കാരെ ക്രമീകരിച്ചതിനു ശേഷം മാത്രമേ പുതിയ നിയമനം നടത്താൻ പാടുള്ളൂ.

b) എയ്ഡഡ് സ്കൂളുകളിലെ അധികതസ്തികകളിൽ, കെ.ഇ.ആർ അധ്യായം XXI ചട്ടം 7(2) അനുസരിച്ച് മാത്രമേ നിയമനം നടത്താൻ പാടുള്ളൂ.

c) തസ്തികനഷ്ടം സംഭവിച്ച സ്കൂളുകളിൽ ടി തസ്തികയിൽ ആരും തുടരുകയോ ശമ്പളം കൈപ്പറ്റുകയോ ചെയ്യുന്നില്ലെന്ന് വിദ്യാഭ്യാസ ഓഫീസർ /ട്രഷറി /സ്പാർക്ക് ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തേണ്ടതാണ് .